# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം 2165** **07.07.2015- ൽ മറുപടിക്ക്**

## കൈത്തറി ഉല്പന്നങ്ങളുടെ വിപണനം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.തോമസ് ഉണ്ണിയാടൻ** | **ശ്രീ.പി.കെ കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി)** |
| (എ) കൈത്തറി ഉല്പന്നങ്ങളുടെ വിപണനത്തിന്റെ പ്രചരണത്തിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) കൈത്തറി വസ്ത്രങ്ങളുടെ പ്രചരണത്തിനായി സംസ്ഥാനത്തെ പ്രധാനപ്പെട്ട ജംഗ്ഷനുകളിലും വിവിധ ഹൈവേകളിലും ഹോർഡിംഗ്സ് സ്ഥാപിക്കൽ, വിഷ്വൽ ഇലക്ട്രോണിക് മീഡിയ, പത്രം, മാഗസിൻ എന്നിവയിലൂടെ പരസ്യം എന്നിവ നൽകി വരുന്നു. കൈത്തറി ഉൽപ്പന്നങ്ങളെക്കുറിച്ച് വിദ്യാർത്ഥികളിലും രക്ഷ കർത്താക്കളിലും അവബോധം ഉണ്ടാക്കുന്നതിന് സ്കൂൾ തലത്തിൽ ചിത്രരചനാ മത്സരവും, കോളേജ് തലത്തിൽ കൈത്തറി ഉൽപ്പന്നങ്ങളുടെ മേന്മയും നിലവാരവും വ്യക്തമാക്കുന്ന സെമിനാറുകളും ഡിസൈൻ ഷോകളും സംഘടി പ്പിക്കുകയും ചെയ്യുന്നു. കൂടാതെ സർക്കാർ ജീവനക്കാരും പൊതുജനങ്ങളും ആഴ്ചയിൽ ഒരു ദിവസം കൈത്തറി വസ്ത്രം ധരിക്കണം എന്നുള്ള സർക്കാർ ഉത്തരവ് സംസ്ഥാനത്തിന്റെ പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളിലും പ്രധാനപ്പെട്ട ഓഫീസ് കേന്ദ്രങ്ങളിലും ശിലാഫലകത്തിൽ രേഖപ്പെടുത്തി ശ്രദ്ധിക്കപ്പെടുന്ന തരത്തിൽ സ്ഥാപിച്ച് പ്രദർശിപ്പിച്ചു വരുന്നു. കൈത്തറിയുടെ ഗുഡ് വിൽ |

അംബാസഡറായ ശ്രീ.മോഹൻലാലിനെ ഉൾ പ്പെടുത്തി ഹോർഡിംഗ്സ് എല്ലാ ജില്ലകളിലേയും പ്രധാന ജംഗ്ഷനുകളിൽ സ്ഥാപിച്ചു വരുന്നു. ഉത്സവ സീസണുകളിൽ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രദർശന വിൽപ്പന മേളകൾ സംഘടിപ്പിച്ച് ഉൽപ്പന്ന വൈവിധ്യം സംബന്ധിച്ച പ്രചാരണം നടത്തുന്നു. 2012 ൽ അത്തംദിനം കൈത്തറി ദിനമായി സർക്കാർ പ്രഖ്യാപിക്കുകയും തുടർന്ന് എല്ലാ വർഷവും അത്തം ദിനം കൈത്തറി ദിനമായി ആചരി ക്കുകയും അതിനോടനുബന്ധമായി വിവിധ മാധ്യമ ങ്ങളിലൂടെ പരസ്യം നൽകുകയും വിവിധ സ്ഥാപനങ്ങളിൽ പ്രചരണ പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്തു വരുന്നു. പൊതു ജനങ്ങൾക്ക് കൈത്തറി വസ്ത്രം തിരിച്ചറിയുന്ന തിനുവേണ്ടി ഹാന്റ്‌ലൂം മാർക്ക് നിർബന്ധ മാക്കുകയും വിവിധ മാധ്യമങ്ങളിലൂടെ ഇതു സംബന്ധിച്ച പരസ്യം നൽകുകയും ചെയ്യുന്നു. കൂടാതെ വിവിധ ജില്ലകളിൽ നിന്നും വിദഗ്ദ്ധരായ 50 നെയ്ത്തുകാരെ തെരഞ്ഞെടുത്ത് അവർക്ക് പരിശീലനം നൽകി അവരുടെ ഉൽപ്പന്നങ്ങളിൽ നിന്ന് മികച്ചത് തെരഞ്ഞെടുത്ത് അവാർഡ് നൽകുന്നു.

| | |
|---|---|
| (ബി) പ്രസ്തുത മേഖലയിലുള്ള തൊഴിലാളികൾക്ക് ഇൻഷ്വറൻസ് ഏർപ്പെടുത്തിയിട്ടുണ്ടോ ; | (ബി) ഉണ്ട്. |

(സി) അവരുടെ ക്ഷേമത്തിനായി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കാമോ?

(സി) കൈത്തറി തൊഴിലാളികളുടെ ക്ഷേമത്തിനായി അംശദാനമിതവ്യയ സമ്പാദ്യപദ്ധതി നടപ്പിലാക്കുന്നുണ്ട്. വരിക്കാരുടേയും അവരുടെ കുടുംബാംഗങ്ങളുടേയും ചികിത്സാചെലവുകൾ, വിവാഹത്തിനും കുട്ടികളുടെ വിദ്യാഭ്യാസത്തിനുമുള്ള ചെലവുകൾ, സംഘത്തിലെ ഓഹരിയെടുക്കുന്നതിനുള്ള ചെലവ്, വീട് വയ്ക്കാൻ സ്ഥലം വാങ്ങൽ, വീടുകളുടെ നിർമ്മാണം/ വാങ്ങൽ/മാറ്റം/ അറ്റകുറ്റപ്പണികൾ എന്നിവയ്ക്കുള്ള ചെലവ് മുതലായവ വഹിക്കുന്നതിനാണ് ഈ പദ്ധതി അനുസരിച്ച് സഹായം നൽകുന്നത്. ഇതിൽ 50% തുക വനിതാ നെയ്ത്തുകാർക്കായി ഉദ്ദേശിച്ചിരിക്കുന്നു, 20,000 നെയ്ത്തുകാരെ ഉൾപ്പെടുത്തുന്ന ഈ പദ്ധതിയിൽ കുറഞ്ഞത് കൂലിയുടെ 8% തുക നെയ്ത്തുകാരുടെ കൈയ്യിൽ നിന്നും ഫണ്ടിലേക്ക് ഈടാക്കുകയും അത്രയും തുക തന്നെ സർക്കാർ വിഹിതമായി ഫണ്ടിൽ നിക്ഷേപിക്കുകയും ചെയ്യുന്നു.

**സെക്ഷൻ ഓഫീസർ**